**ടീച്ചിങ് മാന്വൽ**

വിഷയം : സോഷ്യൽ സയൻസ്
ക്ലാസ് ഡിവിഷൻ :7 A
യൂണിറ്റിന്റെ പേര് : മധ്യകാല ഇന്ത്യ :സാംസ്കാരിക പ്രസ്ഥാനങ്ങൾ
തീയതി :
പ്രതീക്ഷിക്കുന്ന സമയം : ഒരു പീരീഡ്
പഠന ലക്ഷ്യം: ദക്ഷിണേന്ത്യൻ ഭക്തിപ്രസ്ഥാനത്തിന്റെ സവിശേഷതകൾ തിരിച്ചറിയുന്നതിന്
ആശയങ്ങൾ/ധാരണകൾ : ദക്ഷിണേന്ത്യൻ ഭക്തി പ്രസ്ഥാനം
പഠന സാമഗ്രികൾ : പാഠപുസ്തകം, റഫറൻസ് പുസ്തകങ്ങൾ, ടാസ്ക് കാർഡുകൾ

പ്രതീക്ഷിത ഉത്പന്നങ്ങൾ : കുറിപ്പുകൾ

| പ്രക്രിയകൾ | വിലയിരുത്തൽ |
|---|---|
| കുട്ടികളെ മൂന്നു ഗ്രൂപ്പുകളായി തിരിച്ച ശേഷം താഴെപ്പറയുന്ന ഉപാശയങ്ങൾ രേഖപ്പെടുത്തിയ പ്രവർത്തന കാർഡുകൾ(task cards )ക്രമീകരിക്കുന്നു.<br>1. ഭക്തിപ്രസ്ഥാനത്തിന്റെ ആവിർഭാവത്തിന് വഴി തെളിച്ച സാഹചര്യങ്ങൾ | |

2. ഭക്തി പ്രസ്ഥാനത്തിന്റെ സവിശേഷതകൾ
3. ഭക്തി പ്രസ്ഥാനത്തിലെ പ്രധാനകവികളും അവരുടെ രചനകളുടെ പ്രത്യേകതകളും

ഓരോ ഗ്രൂപ്പിൽ നിന്ന് ഓരോരുത്തർ വന്ന് ഓരോ കാർഡു വീതം എടുക്കുന്നു. തങ്ങളുടെ ഗ്രൂപ്പിന് കിട്ടിയ കാർഡിലെ വിവരങ്ങൾ പുസ്തകത്തിൽ നിന്ന് കണ്ടെത്തുന്നു. രേഖപ്പെടുത്തുന്നു. മൂന്നു ടാസ്ക് കാർഡുകളും ആദ്യം പൂർത്തിയാക്കുന്ന ഗ്രൂപ്പ് വിജയികളാകുന്നു. ഗ്രൂപ്പിൽ നിന്ന് ഓരോരുത്തർ വീതം വന്ന് അവതരിപ്പിക്കട്ടെ. തുടർന്ന് മൂന്നു ഗ്രൂപ്പുകളും ദക്ഷിണേന്ത്യൻ ഭക്തി പ്രസ്ഥാനം അന്നത്തെ സാമൂഹിക വ്യവസ്ഥയിൽ വരുത്തിയ മാറ്റങ്ങളെ കുറിച്ച് കുറിപ്പ് തയ്യാറാക്കുന്നു. ഓരോ ഗ്രൂപ്പിൽ നിന്നും ഒരാൾ വീതം വന്നു അവതരിപ്പിക്കുന്നു കുട്ടികൾ തന്നെ വ്യക്തിഗത പ്രവർത്തനങ്ങളും ഗ്രൂപ്പ് പ്രവർത്തനങ്ങളും വിലയിരുത്തുന്നു .

ടീച്ചർ ക്രോഡീകരിക്കുന്നു;

- ജനങ്ങൾ നേരിട്ട സാമൂഹ്യ വിവേചനം
- ജാതി വ്യവസ്ഥയോടുള്ള എതിർപ്പ്
- സമൂഹത്തിൽ നിലനിന്നിരുന്ന അർത്ഥശൂന്യങ്ങളായ ആചാരങ്ങളെ ചോദ്യം ചെയ്യാനുള്ള മനോഭാവം തുടങ്ങിയവ.

അനുരൂപീകരണ പ്രവർത്തനങ്ങൾ

ടാസ്ക് കാർഡുകളുടെ നിർമ്മാണം

ഭക്തി പ്രസ്ഥാനത്തിലെ പ്രധാന കവികളുടെ ചിത്രങ്ങൾക്ക് താഴെ പേരുകൾ ക്രമീകരിക്കൽ.